പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3525 12/12/2014- ൽ മറുപടിക്ക്

**അതിർത്തി ചെക്ക് പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി.വിജയദാസ്: | | കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | കേരളത്തിലെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ മൃഗസംരക്ഷണ വകപ്പിന്റെ പരിശോധന വെറ്ററിനറി ഡോക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകമോ ; | എ) | മൃഗസംരക്ഷണ വകപ്പിന്റെ 18 ചെക്ക് പോസ്റ്റുകളിൽ വെറ്ററിനറി സർജന്റെ തസ്തിക നിലവിലുള്ള പാറശ്ശാല, വാളയാർ, എന്നീ രണ്ട് ചെക്ക്പോസ്റ്റുകളിൽ വെറ്ററിനറി ഡോക്ടറുടെ നേതൃത്വത്തിൽ പരിശോധന നടക്കുന്നുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരം പരിശോധനകളിലൂടെ രോഗബാധിതമെന്ന കണ്ട എത്ര കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട് ; ആയതിന് കേസ്സ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകമോ; | ബി) | 857 കേസുകൾ രോഗബാധിതമാണെന്ന് കണ്ടിട്ടുണ്ട്. ഇതിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. മൃഗസംരക്ഷണ വകപ്പ് അവയെ തിരികെ അയയ്ക്കുകയാണ് ചെയ്യുന്നത്. |
| സി) | ഏതെല്ലാം ചെക്ക് പോസ്റ്റുകളിലാണ് ഇത്തരം സംവിധാനം ക്രമീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകമോ; എന്തെല്ലാം പരിശോധനാ സംവിധാനങ്ങളാണ് ഇവിടെ ക്രമീകരിച്ചിട്ടുള്ളത് ? | സി) | നിലവിൽ പാലക്കാട് ജില്ലയിലെ വാളയാറിലും, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും വെറ്ററിനറി സർജൻമാർ ചെക്ക് പോസ്റ്റ് കടന്നുവരുന്ന ഉരുക്കളെ ക്ലിനിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കളമ്പുരോഗം തുടങ്ങിയ രോഗങ്ങൾ കിറ്റുകളുപയോഗിച്ച് തിരിച്ചറിയുകയും, ഉരുക്കളുടെ രക്തം, ചാണകം തുടങ്ങിയ പരിശോധിക്കുകയും ചെയ്യുന്നു.<br>മറ്റ് ചെക്കപോസ്റ്റുകളിൽ ഫീൽഡ് ആഫീസർമാരുടെ നേതൃത്വത്തിൽ ഭൗതികമായ രോഗപരിശോധന നടത്തുന്നു. കിറ്റുകളുപയോഗിച്ച് കളമ്പുരോഗം തുടങ്ങിയവ തിരിച്ചറിയാനുള്ള പ്രാഥമിക പരിശോധനകൾ നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തിന കത്തേയ്ക്ക് കടന്നുവരുന്ന മൃഗങ്ങളും പക്ഷികളും ആരോഗ്യമുള്ളവയാണെന്നും സമയാസമയങ്ങളിലുള്ള വാക്സിനേഷനുകൾ ചെയ്തിട്ടുണ്ടെന്നും ഒരു വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ ഹെൽത്ത് സർട്ടിഫിക്കറ്റ് ഓരോ കൺസൈൻമെന്റ് കടന്നു പോകമ്പോഴും ഹാജരാക്കുന്നുണ്ട്. ആയത് |

പരിശോധിച്ച് ആഫീസിൽ സൂക്ഷിച്ചു വയ്ക്കുന്നുമുണ്ട്. ചെക്ക് പോസ്റ്റുകളിൽ ഓരോ ഉരുവിനും കുളമ്പുരോഗ ത്തിനെതിരായി വാക്സിനേഷൻ ചെയ്യുന്നുണ്ട്. കോഴി, ആട്, പന്നി, കന്നുകാലികൾ എന്നിവയുടെ രക്ത സാമ്പിളുകൾ വിവിധ ജില്ലകളിലെ ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർ അവരുടെ ഹെഡ് ക്വാർട്ടേഴ്സ് ആയ പാലക്കാട് ജില്ലയിലെ റീജിയണൽ റിൻ്റർപെസ്റ്റ് ഡിസീസ് ലബോറട്ടറി, (എൻ.പി.ആർ.ഇ ലബോറട്ടറി) യിലേയ്ക്ക് എത്തിക്കുകയും വിശദ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ചെക്ക് പോസ്റ്റുകളിലെ രോഗ പരിശോധനയ്ക്കായി താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1) മൈക്രോസ്കോപ്പും അനുബന്ധ സാമഗ്രികളും
2. റഫ്രിജറേറ്റർ (വാക്സിനുകൾ സൂക്ഷിക്കുന്നതിന്)
3. മൊബൈൽ ലാഡർ (വണ്ടികളിലെ പരിശോധനയ്ക്കായി)
4. റിഫ്ളക്ടീവ് ജാക്കറ്റ്
5. റിഫ്ളക്ടീവ് ബാറ്റൺ
6. ടോർച്ച് ലൈറ്റ്/റിഫ്ളക്ടീവ് ലൈറ്റ്
7. കുളമ്പുരോഗം, പക്ഷിപ്പനി എന്നിവ തിരിച്ചറിയുന്നതിനുള്ള കിറ്റുകൾ

സെക്ഷൻ ഓഫീസർ